**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1703** **08-02-2023 - ൽ മറുപടിയ്ക്ക്**

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനവും, ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) പഠനവും, ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനത്തിൽ അധിഷ്ഠിതമായ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ പ്രവർത്തിച്ചു വരുന്നു. എഞ്ചിനീയറിംഗ് കോളേജുകൾക്കും, പോളിടെക്നിക്കുകൾക്കും ടെക്നിക്കൽ ഹൈസ്കൂളുകൾക്കും പൊതുവായി ഉപയോഗിക്കുവാൻ കഴിയുന്ന സൗകര്യങ്ങൾ ഉണ്ടാക്കുകയും ഒരു റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററായി പ്രവർത്തിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ, സാങ്കേതിക വകുപ്പിന് കീഴിലുള്ള വിവിധ കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അതു സംബന്ധിച്ച വിശദാംശം '**അനുബന്ധമായി**' ചേർത്തിട്ടുണ്ട്.<br><br>അസാപ് കേരള വഴി നിർമ്മിത ബുദ്ധി മേഖലയിൽ ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് കോഴ്സ്" നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഏജൻസിയായ NCVET യുടെ അംഗീകാരത്തോടെയുള്ള, 720 മണിക്കൂർ ദൈർഘ്യമുള്ള പ്രസ്തുത കോഴ്സിലൂടെ നിർമ്മിത ബുദ്ധിമേഖലയിൽ ഒരു വൻമുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്.<br><br>IHRD ആറ്റിങ്ങൽ, കൊട്ടാരക്കര എഞ്ചിനിയറിംഗ് കോളേജുകളിൽ 2022-23 വർഷം മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | ബി.ടെക് കോഴ്സുകൾ നടത്തുന്നുണ്ട്. കരുനാഗപ്പള്ളി കോളേജ് ഓഫ് എൻജിനിയറിംഗിൽ D.Voc (Artificial Intelligence and Robotics) എന്ന കോഴ്സ് നടത്തുവാൻ AICTE-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ആധുനിക രീതിയിലുള്ള ഗവേഷണങ്ങൾ/ പഠനങ്ങൾ വിദ്യാർത്ഥികൾക്ക് പ്രാപ്യമാകുന്ന രീതിയിൽ Artificial Intelligence, Machine Learning, Robotics and Automation എന്നീ വിഷയങ്ങളിൽ IHRD എഞ്ചിനിയറിംഗ് കോളേജുകളിൽ കോഴ്സുകൾ ആരംഭിക്കുകയും, Model Engineering College- നെ KTU- ന്റെ സഹായത്തോടെ Centre of Excellence ആക്കി മാറ്റുവാനും അതുവഴി ടി കോളേജിനെ ഒരു പ്രാദേശിക ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ് നടത്തിവരുന്ന സർക്കാർ/എയിഡഡ്/ സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ വിശദാംശങ്ങൾ**

1. CET, Trivandrum
2. RIT, Kottayam
3. TKM College of Engineering, Kollam
4. M.A College of Engineering, Kothamangalam
5. Jyothi Engineering College, Thrissur
6. Muthoot Institute of Technology & Science, Ernakulam
7. MES College of Engineering, Kuttippuram, Malappuram
8. Rajagiri School of Engineering & Technology, Ernakulam
9. Sree Buddha College of Engineering, Alappuzha
10. SCT College of Engineering, Pappanamcode, TVPM
11. St. Joseph College of Engineering &Technology, Pala, Kottayam
12. Vimal Jyothi Engineering College, Kannur
13. ViswaJyothi College of Engineering &Technology, Vazhakulam, Ernakulam
14. St.Thomas College of Engineering &Technology, Venmony, Chengannur
15. Mangalam College of Engineering, Kottayam
16. Federal Institute of Science & Technology, Angamaly, Ernakulam
17. MEA Engineering College, Angamali, Ernakulam
18. Royal College of Engineering &Technology, Thrissur
19. Mar Baselious College of Engineering & Technology, TVPM
20. Marian Engineering College, TVPM
21. Providence College of Engineering, Chengannur, Alappuzha
22. SCMS College of Engineering & Technology, Ernakulam
23. Vidya Academy of Science & Technology,Thrissur
24. Nehru College of Engineering & Research Centre,Thrissur
25. Ilahia College of Engineering &Technology, Ernakulam
26. Mahaguru Institute of Technology, Alappuzha
27. Mentor Academy for Design Entrepreneurship Innovation and Technology, Muvattupuzha, Ernakulam

സെക്ഷൻ ഓഫീസർ